പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1599 | 03.05.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മൂന്നാറിൽ സർക്കാർ ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ദേവികുളം മണ്ഡലത്തിൽ തോട്ടം തൊഴിലാളികളും സാധാരണ ജനങ്ങളും തിങ്ങി പാർക്കുന്ന മൂന്നാറിൽ ഒരു നല്ല സർക്കാർ ആശുപത്രിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. മൂന്നാറിൽ സർക്കാർ ആശുപത്രി നിലവിലില്ലെങ്കിലും 5 കിലോമീറ്റർ ദൂരത്ത് ദേവികുളം സാമൂഹ്യാരോഗ്യകേന്ദ്രം ഉണ്ട്. അവിടെ നിന്ന് എല്ലാ ചികിത്സാ സൗകര്യങ്ങളും നൽകുന്നുണ്ട്. |
| ബി) | ഉണ്ടെങ്കിൽ സർക്കാർ ആശുപത്രി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) & സി) | മൂന്നാർ ഗ്രാമപഞ്ചായത്തിൽ ചട്ടമൂന്നാറിൽ പ്രാഥമികാരോഗ്യകേന്ദ്രം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലസൗകര്യപരിമിതിമൂലം പ്രസ്തുത പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിട സൗകര്യം ലഭ്യമാക്കുവാൻ മൂന്നാർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട സൗകര്യം ലഭ്യമായാലുടൻ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| സി) | ഇല്ലെങ്കിൽ എല്ലാ ചികിത്സാസൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർ ആശുപത്രി ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ